**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3259** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഖാദർ കമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സ്കൂൾ വിദ്യാഭ്യാസ പരിഷ്കരണത്തിനായുള്ള ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | തീരുമാനിച്ചിട്ടുണ്ട്. മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസം എന്ന പേരിൽ രണ്ടു ഭാഗങ്ങളായുള്ള റിപ്പോർട്ടാണ് ഖാദർ കമ്മിറ്റി സർക്കാരിൽ സമർപ്പിച്ചത്. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. റിപ്പോർട്ടിന്റെ ആദ്യ ഭാഗത്തിൽ പ്രധാനമായും ഭരണതലത്തിൽ ഉണ്ടാകേണ്ട മാറ്റങ്ങളെ സംബന്ധിച്ചും രണ്ടാം ഭാഗത്തിൽ അക്കാദമിക രംഗത്ത് ഉണ്ടാകേണ്ട മാറ്റങ്ങളെ സംബന്ധിച്ചുമാണ് പ്രതിപാദിച്ചിട്ടുള്ളത്. **റിപ്പോർട്ടിലെ ഒന്നാം ഭാഗത്തിലെ ശുപാർശകൾ അടിസ്ഥാനപ്പെടുത്തിയുള്ള സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി കോർ കമ്മിറ്റി തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂളിന്റെ പരിശോധന നടന്നുവരികയാണ്. രണ്ടാം റിപ്പോർട്ടിലെ ശുപാർശകളും പരിശോധിച്ചുവരുന്നു.** |
| (ബി) | പ്രസ്തുത റിപ്പോർട്ടിലെ ഏതെല്ലാം ശിപാർശകളാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | റിപ്പോർട്ടിന്റെ ഒന്നാം ഭാഗം സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും അതിന്റെ തുടർച്ചയായി ഡി.പി.ഐ, ഹയർ സെക്കൻഡറി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടറേറ്റ് എന്നിവയെ ഏകോപിപ്പിച്ച് ഉത്തരവാകുകയും ചെയ്തു. വ്യത്യസ്ത ഡയറക്ടർമാർ എന്നത് മാറ്റി ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ (ഡി.ജി.ഇ.) എന്ന ഒറ്റ ഡയറക്ടറുടെ കീഴിലാക്കി. കൂടാതെ സ്കൂൾ സ്ഥാപനമേധാവി ആയി ഹയർ സെക്കൻഡറി പ്രിൻസിപ്പാളിനെ നിജപ്പെടുത്തി. കേരള വിദ്യാഭ്യാസ നിയമത്തിലും ചട്ടങ്ങളിലും തദനുസൃതമായ ഭേദഗതികൾ വരുത്തി.<br>**റിപ്പോർട്ടിന്റെ രണ്ടാം ഭാഗവും സർക്കാർ തത്വത്തിൽ അംഗീകരിച്ചു. ഇതിലെ താഴെപ്പറയുന്ന ശുപാർശകൾ ഉചിതമായ രീതിയിൽ നടപ്പാക്കുന്നതിനായി പരിശോധിച്ചുവരുന്നു.**<br>**18. പഠനദിനങ്ങൾ**<br>**31. ഇൻസ്പെക്ഷൻ- മോണിറ്ററിങ്** |

| | | | |
|---|---|---|---|
| | | | 37. സമൂഹപങ്കാളിത്തം<br>38. ഗൈഡൻസ് & കൗൺസലിങ്ങ്<br>10. ഗ്രേസ് മാർക്ക്<br>41. വിവിധ വകുപ്പുകളുടെ/ഏജൻസികളുടെ ഏകോപനം<br>12. മതിയായ കുട്ടികളില്ലാത്ത വിദ്യാലയങ്ങൾ<br>11. ക്ലാസിലെ കുട്ടികളുടെ എണ്ണം, തസ്തികനിർണയം (സ്റ്റാഫ് ഫിക്സേഷൻ)<br>19. പഠന സമയം<br>21. സ്കൂൾ പോഷകാഹാര പരിപാടി<br>23. അധ്യാപക വിദ്യാഭ്യാസം-സേവനകാല പരിശീലനം<br>24. അധ്യാപക വിദ്യാഭ്യാസം-സേവന പൂർവകാല പരിശീലനം<br>25. തുടർപഠന സംവിധാനങ്ങൾ<br>26. അധ്യാപക ക്ഷേമകാര്യങ്ങൾ<br>34. സ്കൂൾ പാർലമെന്റ്<br>35. സ്കൂൾ ക്ലബ്ബുകളും സന്നദ്ധ സംഘടനകളും<br>36. വിദ്യാർത്ഥികളുടെ ജനാധിപത്യ വേദികൾ<br>27. ആൾട്ടർനേറ്റ് സ്കൂളുകൾ<br>ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ അടിസ്ഥാനപ്പെടുത്തിയുള്ള സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി കോർ കമ്മിറ്റി തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂളിന്റെ പരിശോധന നടന്നുവരികയാണ്. എല്ലാ നടപടിക്രമങ്ങളും അടിയന്തരമായി പൂർത്തിയാക്കി അന്തിമ തീരുമാനം കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | റിപ്പോർട്ടിലെ നടപ്പാക്കാനുദ്ദേശിക്കുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച് അധ്യാപക സംഘടനകളുമായും മറ്റ് ബന്ധപ്പെട്ടവരുമായും ചർച്ച ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (സി) | ഇല്ല. നിർദ്ദേശങ്ങൾ പരിശോധിച്ച് ആവശ്യമായവയിൽ അധ്യാപക സംഘടനകളുമായും മറ്റ് ബന്ധപ്പെട്ടവരുമായും ചർച്ച നടത്തുന്നതാണ്. റിപ്പോർട്ടിലെ മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസം (ഭാഗം 2) ന്റെ പകർപ്പ് അധ്യാപക – അനധ്യാപക സംഘടനകൾക്ക് ചർച്ചയുടെ മുന്നോടിയായി വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | ഹൈസ്കൂൾ-ഹയർസെക്കണ്ടറി ലയന നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; ഏത് രീതിയിലാണ് ലയിപ്പിക്കുന്നതെന്നും അധ്യാപക പുനർവിന്യാസം എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ; | (ഡി) | ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ അടിസ്ഥാനപ്പെടുത്തിയുള്ള സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി കോർ കമ്മിറ്റി തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂളിന്റെ പരിശോധന നടന്നുവരികയാണ്. എല്ലാ നടപടിക്രമങ്ങളും അടിയന്തരമായി പൂർത്തിയാക്കി അന്തിമ തീരുമാനം കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) | പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ ആവശ്യമാണെന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കാമോ? | (ഇ) | ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസം ഒന്നാം ഭാഗത്തിലെ ഏകീകരണവുമായി ബന്ധപ്പെട്ട ശുപാർശകൾ നടപ്പാക്കുന്നതിനായി കോർ കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ടിന്റെയും കരട് |

| | | | |
|---|---|---|---|
| | | | **സ്പെഷ്യൽ റ്റൂളിന്റെയും പരിശോധന നടന്നുവരികയാണ്.** |

സെക്ഷൻ ഓഫീസർ